**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1069** **18-09-2025 - ൽ മറുപടിയ്ക്ക്**

**വെട്ടിയാർ ചീപ്പ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം എസ് അരുൺ കുമാർ** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | മാവേലിക്കര മണ്ഡലത്തിൽ തഴക്കര -നൂറനാട് ഗ്രാമപഞ്ചായത്തുകളിലെ കൃഷിക്ക് ഉപകാരപ്രദമായ 'വെട്ടിയാർ ചീപ്പ്' നിർമ്മാണത്തിന് ബജറ്റിൽ തുക വകയിരുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | **മാവേലിക്കര മണ്ഡലത്തിലെ തഴക്കര-നൂറനാട് ഗ്രാമപഞ്ചായത്തിലെ വെട്ടിയാർ ചീപ്പ് എന്ന പദ്ധതിയ്ക്ക് വേണ്ടി 2022-23 ലെ വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II വാല്യം II-ൽ അപ്പാരൽ പാർക്ക് മാവേലിക്കര എന്ന പദ്ധതിക്ക് പകരമായി ഒരു കോടി രൂപ അടങ്കൽ തുകയിലും 20% വിഹിതത്തിലും ഉൾപ്പെടുത്തി സ.ഉ(സാധാ)നം. 5578/2022/ധന തീയതി 05/08/2022 പ്രകാരം "Construction of vented cross bar and its mechanical works in vettiyar bridge in Thazhakkara & Nooranad Panchayath in Mavelikkara LAC" എന്ന പ്രവൃത്തി അനുവദിച്ചിരുന്നു. എന്നാൽ മെക്കാനിക്കൽ വിഭാഗം ഉൾപ്പെട്ട സംയുക്ത പരിശോധയിലും, പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരവും ഒരു കോടി രൂപയിൽ ഈ പ്രോജക്ട് പൂർത്തീകരിക്കുവാൻ സാധിക്കില്ല എന്ന് ബോധ്യപ്പെട്ടതിനാൽ 2023-24ലേക്കുള്ള വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II വാല്യം II ൽ ക്രമ നമ്പർ 403 ആയി ഉൾപ്പെടുത്തിയിരുന്ന "മാവേലിക്കര മണ്ഡലത്തിലെ വിവിധ ഹോമിയോ ആശുപത്രികളുടെ നവീകരണം" എന്ന പ്രവൃത്തിയ്ക്ക് പകരമായി മൈനർ ഇറിഗേഷൻ വകുപ്പ് നിർവ്വഹണ വകുപ്പായി മേൽ പദ്ധതിക്കായി 2 കോടി രൂപ അടങ്കൽ തുകയിലും 20 % വിഹിതത്തിലും ഉൾപ്പെടുത്തി സ.ഉ(സാധാ)നം. 2311/2024/FIN തീയതി 12/03/2024 പ്രകാരം ഭേദഗതിവരുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.** |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതിക്ക് മൈനർ ഇറിഗേഷനും ഐ.ഡി.ആർ.ബി. -യും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) | **മൈനർ ഇറിഗേഷനിലെയും ഐഡിആർബി യിലെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ വെട്ടിയാർ വി സി ബി സൈറ്റ് സന്ദർശിക്കുകയും ഡിസൈൻ ആവശ്യമായ പ്രോജക്ട് ആയതിനാൽ സോയിൽ ഇൻവെസ്റ്റിഗേഷൻ നടത്തി വിശദമായ സോയിൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് ഉൾപ്പെടുത്തി** |

| | | | |
|---|---|---|---|
| | | | **ഡിസൈൻ-നുള്ള indent details ചീഫ് എഞ്ചിനീയർ ഐ & എ യുടെ കാര്യാലയത്തിൽ നിന്നും ഐ.ഡി.ആർ.ബി ക്ക് നൽകുകയും ചെയ്തു. Structure-ന്റെ stability ഉറപ്പാക്കുന്നതിനായി കൂടുതൽ ടെസ്റ്റുകൾ ചെയ്യണമെന്നും സോയിൽ ഇൻവെസ്റ്റിഗേഷൻ ഒന്നുകൂടി ചെയ്ത് 30T/sqm കിട്ടുമെന്ന് ഉറപ്പാക്കണമെന്നും ഐഡിആർബി നിർദ്ദേശിച്ചതനുസരിച്ച് ഡിസൈൻ indent പുതുക്കി നൽകിയിരുന്നു. ഫൈനൽ ഡിസൈൻ പൂർത്തീകരിക്കുന്ന പ്രവൃത്തികൾ അന്തിമ ഘട്ടത്തിലാണ്. കൂടാതെ Structural ഡിസൈൻ ചെയ്യുന്നതിനായി മെക്കാനിക്കൽ സംബന്ധമായ ഡീറ്റെയിൽസ് ഇറിഗേഷൻ മെക്കാനിക്കൽ ഡിവിഷൻ IDRBക്ക് നൽകിയിട്ടുണ്ട്.** |
| (സി) | പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (സി) | **IDRB ഡിസൈൻ പൂർത്തിയാക്കുന്നതനുസരിച്ച് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന നടപടികൾ സ്വീകരിക്കാവുന്നതാണ്.** |

സെക്ഷൻ ഓഫീസർ